# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| | |
|---|---|
| **നവംബർ** NOVEMBER **25** | **2016** |



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735–202664

www.prd.kerala.gov.in, prdsannidanam@gmail.com

### ഡിജിറ്റൽ മണി സന്നിധാനത്തിൽ പുതുതരംഗമാകുന്നു: പ്രതിദിന പിൻവലിക്കൽ 40 ലക്ഷത്തോളം രൂപ

ശബരിമല: നോട്ടുക്ഷാമം അയ്യപ്പന്മാർക്ക് ഉണ്ടാക്കിയേക്കാവുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ ദേവസ്വം ബോർഡെടുത്ത നടപടികൾ വിജയത്തിലേക്ക്. ധനലക്ഷ്മി ബാങ്കുമായി ചേർന്ന് ബോർഡ് നടപ്പാക്കിയ ഇല്ക്ട്രോണിക് സേവനങ്ങൾ ഒരേ സമയം ഭക്തർക്കും സേവന ദാതാക്കൾക്കും ഏറെ പ്രയോജനം ചെയ്യുന്നതായി ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ ചൂണ്ടിക്കാട്ടി. ഭക്തരുടെ സേവനാർത്ഥം ആവശ്യമുള്ള എല്ലാ മേഖലയിലും ഇ-സേവനം സജ്ജമാക്കുമെന്ന് ബോർഡംഗം അജയ്തറയിലും പറഞ്ഞു.

രാജ്യമെമ്പാടും എ.റ്റി.എമ്മുകളിൽ കറൻസി ക്ഷാമം രൂക്ഷമായപ്പോൾ 24 മണിക്കൂറും പണം നിറഞ്ഞ മൂന്നു എ.റ്റി.എമ്മുകളാണ് സന്നിധാനത്ത് സദാ പണം നൽകാൻ ഉള്ളത്. നടപ്പന്തൽ, ഭസ്മക്കുളത്തിനു സമീപം, തിരുമുറ്റം എന്നിവിടങ്ങളിലെ മൂന്നു എ.റ്റി.എമ്മകൾക്കുപുറമെ നാലാമത്തെ എ.റ്റി.എം മാളികപ്പുറത്ത് നാളെ പ്രവർത്തിച്ചുതുടങ്ങും. പഴയ നോട്ടുകൾ പിൻവലിക്കാൻ രണ്ട് സ്ഥലങ്ങളിലാണ് ധനലക്ഷ്മി ബാങ്ക് സൗകര്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത്. ഭസ്മക്കുളത്തിനടുത്തെ ബാങ്ക് ശാഖയിലേതിനുപുറമെ അരവണ കൗണ്ടറിനു സമീപം 24 മണിക്കൂറും പ്രവർത്തിക്കുന്ന മറ്റൊരു സെന്ററും ധനലക്ഷ്മി ബാങ്ക് സജ്ജമാക്കിയിട്ടുണ്ട്. ഇതോടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന രാജ്യത്തെ ആദ്യത്തെ നോട്ട് മാറ്റൽ സംവിധാനം ഒരുക്കുന്ന പ്രഥമ ബാങ്കായി ധനലക്ഷ്മി ബാങ്ക് മാറി.

നോട്ടുപിൻവലിക്കാൻ തിരക്ക് കൂടിയതോടെ പ്രതിദിനം മൂന്നു തവണ എ.റ്റി.എമ്മിൽ നോട്ടുകൾ നിറയ്ക്കുന്നുണ്ടെന്നും ശരാശരി ഒരു ദിവസം 40 ലക്ഷം രൂപയുടെ പിൻവലിക്കൽ നടക്കുന്നുണ്ടന്നും ധനലക്ഷ്മി ബാങ്ക് അസിസ്റ്റന്റ് ജനറൽ മാനേജർ എം.പി ശ്രീകുമാർ പറഞ്ഞു. പ്രതിദിനം ശരാശരി നാനൂറിലേറെ ഭക്തരാണ് പഴയ നോട്ടുകൾ മാറ്റാൻ ബാങ്ക് ശാഖയിൽ എത്തുന്നത്. പണമില്ലാതെ എ.റ്റി.എം, ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകളുമായി എത്തുന്ന ഭക്തർക്കായി പത്തിലേറെ സ്ഥലങ്ങളിലാണ് ദേവസ്വം ബോർഡിനായി ധനലക്ഷ്മിബാങ്ക് കാർഡ് സൈപ്പിങ് മെഷിൻ സ്ഥാപിച്ചത്. പമ്പയിലെയും നിലയ്ക്കലെയും ദേവസ്വം പമ്പുകളിലും ഇത്തരത്തിലുള്ള മെഷിൻ സ്ഥാപിച്ചിട്ടുണ്ട്.

അന്നദാനമണ്ഡപം, അപ്പം, അരവണ കൗണ്ടറുകൾ, ഫെസിലിറ്റി സെന്റർ, ബുക്ക്സ്റ്റാൾ, വഴിപാട് കൗണ്ടർ, അഭിഷേക കൗണ്ടർ തുടങ്ങിയ ഇടങ്ങളിലാണ് കാർഡ് സൈപ്പിങ് മെഷിൻ സ്ഥിപിച്ചിട്ടുള്ളത്. സന്നിധാനത്തെ അയ്യപ്പന്മാരുടെ മൊത്തം ഇടപാടിന്റെ 15 ശതമാനവും ഇപ്പോൾ ഡിജിറ്റൽ മണിയിലൂടെയാണെന്ന് ധനലക്ഷ്മി ബാങ്ക് ഡെപ്യൂട്ടി പ്രോജക്റ്റ് ഹെഡ് എസ്.വി ഷാലാജി പറഞ്ഞു. കൈയ്യിൽ നോട്ടോ നാണയമോ ഇല്ലാത്തവർക്ക് കാർഡ് ഉപയോഗിച്ച് കാണിക്കയിടാവുന്ന ഏറ്റവും നൂതനമായ സൗകര്യവും (ഇ–കാണിക്ക) സന്നിധാനത്ത് സജ്ജമാക്കിയ ദേവസ്വം ബോർഡും ധനലക്ഷ്മി ബാങ്കും സ്വാമിഭക്തരുടെ പ്രിയം നേടിയിരുന്നു.

ഇപ്പോൾ സോപാനത്തിനരികെയുള്ള ഇ–കാണിക്ക ആവശ്യമെങ്കിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാനും ദേവസ്വം ബോർഡിന് ഉദ്ദേശ്യമുണ്ട്. നോട്ട് പ്രതിസന്ധിയെത്തുടർന്ന് രാജ്യത്തെ ബാങ്കിങ് സംവിധാനമാകെ വെല്ലുവിളി നേരിടുന്ന സമയത്ത് ശബരിമലയിലെ ഭക്തർക്ക് ഒരു പ്രയാസവും ഉണ്ടാകാതിരിക്കാൻ ധനലക്ഷ്മിബാങ്ക് കുറ്റമറ്റ സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ബാങ്കിന്റെ 140 ഉദ്യോഗസ്ഥർക്കുപുറമെ 180 താൽക്കാലിക ജോലിക്കാരെയും സെർവറിന്റെയും ഉപകരണങ്ങളുടെയും പരിപാലനത്തിനായി ഏഴ് ഉന്നത സാങ്കേതിക വിദഗ്ധരെയും ഉൾപ്പെടുത്തിയുള്ള ടീമാണ് ശബരിമലയിലെ ബാങ്കിങ് സേവനങ്ങൾക്കായി പ്രവർത്തിക്കുന്നത്. ധനലക്ഷ്മിബാങ്ക് എ.ജി.എം എം.പി ശ്രീകുമാർ, ഡെപ്യൂട്ടി പ്രോജക്ട് ഹെഡ് എസ്.വി ഷാലാജി, അസി. പ്രോജക്ട് ഹെഡ് ശങ്കരനാരായണൻ എന്നിവരാണ് ബാങ്കിങ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

## ഭക്തിപൂർവ്വം കത്തുകൾ; കൗതുക മുഖവുമായി സന്നിധാനം പോസ്റ്റ് ഓഫീസ്

ശബരിമല: ഭക്തിയുടെ അപൂർവ കൗതുകങ്ങളാൽ സമ്പന്നമാണ് സന്നിധാനം തപാൽ ഓഫീസ്. അയ്യനുമായി നേരിട്ട് ആശയവിനിമയം നടത്താനുള്ള ഉപാധിയായി ചില ഭക്തർ കാണുന്നത് ഈ തപാലോഫീസിനെയാണ്. കഴിഞ്ഞ ദിവസം ലഭിച്ച ഒരു കത്തിലെ മേൽവിലാസം ഇങ്ങനെ: 'സ്വാമി ശരണം അയ്യപ്പ, അയ്യപ്പ ടെമ്പിൾ, ശബരിമല– 689713, കേരള'. അയച്ചിരിക്കുന്നത് വിശാഖപട്ടണത്തുനിന്ന്. കലിപട്ടണം ജോഗി രാജു എന്നയാളിന്റെ മകളുടെ വിവാഹത്തിനുള്ള ക്ഷണക്കത്താണ്. ഇത്തരം ഒട്ടേറെ കത്തുകൾ ദിവസവും സന്നിധാനം പോസ്റ്റോഫീസിൽ ലഭിക്കുന്നു. അവയെല്ലാം ദേവസ്വം ബോർഡ് അധികൃതർക്ക് കൈമാറാറുണ്ടെന്ന് പോസ്റ്റ് മാസ്റ്റർ ജനാർദ്ദനൻ ഉണ്ണിത്താൻ പറഞ്ഞു.

ഭാവി അറിയാൻ ഈശ്വരനോട് ചില ചോദ്യങ്ങൾ, ദൈവകാരുണ്യത്തിന് ഉപകാരസ്മരണ, ജീവിത പ്രശ്നങ്ങൾ, പരാതികൾ എന്നിവയെല്ലാം അയ്യപ്പനുള്ള കത്തിൽ വിഷയമാകുന്നു. തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ് സംസ്ഥാനങ്ങളിൽ നിന്നാണ് ഇത്തരം കത്തുകൾ കൂടുതൽ. പൂജയ്ക്കുള്ള തുകയും കാണിക്കയും മണിഓർഡറായി അയക്കുന്നവരും ഒട്ടേറെ. പതിനെട്ടുപടിയും അയ്യപ്പവിഗ്രഹവും മുദ്രണം ചെയ്ത സീലാണ് ഇവിടെ ഉപയോഗിക്കുന്നത്.

മണ്ഡല മകരവിളക്ക് കാലത്തും വിഷുവിനും മാത്രമേ ഇവിടെ പ്രവർത്തനമുള്ളൂ. തിരുവല്ല ആർ.എം.എസിൽ നിന്ന് ദിവസവും ഉച്ചയ്ക്ക് 12 മണിക്ക് പമ്പ പോസ്റ്റോഫീസിലെത്തിക്കുന്ന കത്തുകൾ തലച്ചുമടായാണ് സന്നിധാനത്ത് എത്തിക്കുക. ഇതിനായി രണ്ട് ജീവനക്കാരുണ്ട്. സന്നിധാനത്തെ വിവിധ ഓഫീസുകളിലേക്കും മറ്റുമുള്ള കത്ത് വിതരണത്തിന് രണ്ട് പോസ്റ്റുമാൻമാരുമുണ്ട്. സന്നിധാനത്ത് വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർ നാട്ടിലേക്ക് മണിഓർഡർ അയക്കാനും ഈ തപാലോഫീസിനെ ആശ്രയിക്കുന്നു. മൊബൈൽ റീച്ചാർജിംഗിനും ഇവിടെ സൗകര്യമൊരുക്കിയിട്ടുണ്ട്.

## കാണിക്ക എണ്ണാൻ 1.5 കോടിയുടെ ഇറക്കുമതി ചെയ്ത യന്ത്രങ്ങൾ

ശബരിമല: ലക്ഷക്കണക്കിന് രൂപയുടെ കാണിക്ക എങ്ങനെ എണ്ണിത്തിട്ടപ്പെടുത്തി അക്കൗണ്ടിൽ വരവ് വയ്ക്കും. ഈ ഭഗീരഥ പ്രയത്നത്തിന് ഇപ്പോൾ 1.5 കോടി രൂപ മുടക്കി വിദേശത്തുനിന്ന് ഇറക്കുമതി ചെയ്ത യന്ത്രങ്ങളുടെ സഹായവും ഉണ്ട്. വിവിധ കാണിക്ക വഞ്ചികളിലെ പണം ഭണ്ഡാരത്തിലെ പെട്ടിയിൽ നിക്ഷേപിക്കുന്നു. ഇത് തറന്ന് ദേവസ്വം ജീവനക്കാർ എണ്ണി തരം തിരിക്കുന്നു. നോട്ടുകൾ തുക അനുസരിച്ച് 100 എണ്ണം അടങ്ങിയ കെട്ടുകളാക്കി മാറ്റുന്നു. നാണയങ്ങൾ തുക അനുസരിച്ച് വിവിധ ട്രേകളിലാക്കി മാറ്റുന്നു.

ഇങ്ങനെ കെട്ടുകളാക്കിയ നോട്ടുകളും ട്രേകളിലാക്കിയ നാണയങ്ങളും ധനലക്ഷ്മി ബാങ്ക് ഉദ്യോഗസ്ഥർ പരിശോധിക്കുന്നു. അവർ ഇത് നോട്ടെണ്ണൽ മെഷിൻ ഉപയോഗിച്ച് വീണ്ടും തരം തിരിക്കുന്നു. ഈ തരംതിരിക്കലിൽ മുഷിഞ്ഞതും കീറിയതുമായ നോട്ടുകളും വേർതിരിക്കുന്നു. നോട്ടുകളുടെ ചുരുൾ നിവർത്തിയെടുക്കുന്നു. നാണയങ്ങളാകട്ടെ മെഷിൻ ഉപയോഗിച്ച് 2000 എണ്ണം നാണയങ്ങൾ അടങ്ങിയ ചാക്കുകെട്ടുകളാക്കി മാറ്റുന്നു. ഇങ്ങനെ രണ്ടാം വട്ടവും എണ്ണിതിട്ടപ്പെടുത്തിയ നോട്ടുകളും കറൻസികളും ചെല്ലാൻ രസീത് സഹിതം ബാങ്കിനെ ഏൽപ്പിക്കുന്നതോടെ കാണിക്ക പണം ബാങ്ക് അക്കൗണ്ടിലേക്ക് വരവ് വയ്ക്കുന്നു.

തുകയുടെ വരവനുസരിച്ചും തൃശൂരിലും തിരുവനന്തപുരത്തുമുള്ള ബാങ്കിന്റെ കറൻസി ചെസ്റ്റിലേക്ക് മാറ്റി സൂക്ഷിക്കും. 30 ലക്ഷം രൂപ വിലയുള്ള രണ്ടും 15 ലക്ഷം രൂപവിലയുള്ള രണ്ടും മെഷിനുകളാണ് നോട്ടുകൾ എണ്ണാൻ ഉപയോഗിക്കുന്നത്. നാണയം എണ്ണാൻ 7.5 ലക്ഷം രൂപയുടെ നാല് മെഷിനുകളാണ് ഉപയോഗിക്കുന്നത്. ആകെ 1.5 കോടി രൂപയുടെ മെഷിനുകളാണ് പണം എണ്ണാൻ മാത്രമായി സന്നിധാനത്ത് ഉപയോഗിക്കുന്നത്. വിജിലൻസിന്റെ മേൽനോട്ടത്തിലാണ് നോട്ടെണ്ണൽ. ഇതിനായി 14 പേരെ നിയോഗിച്ചിട്ടുണ്ട്. 24 ക്യാമറകളിലൂടെ ആസ്ഥാനത്ത് തൽസമയനിരീക്ഷണവുമുണ്ട്.

## ശബരിമലയിൽ വൈദ്യുതി മുടങ്ങില്ല: വന്യജീവികൾക്ക് ഷോക്കേൽക്കില്ല

ശബരിമല: തീർഥാടനകാലത്ത് പമ്പയിലും സന്നിധാനത്തും ഒരു സാഹചര്യത്തിലും വൈദ്യുതി വിതരണം തടസപ്പെടാത്ത സജ്ജീകരണങ്ങൾ വൈദ്യുതി വകുപ്പ് ഒരുക്കിയിട്ടുണ്ടെന്ന് അധികൃതർ വ്യക്തമാക്കി. കഴിഞ്ഞ വർഷം പുതിയ ഫീഡർ കൂടി സ്ഥാപിച്ചതോടെ വൈദ്യുതി മുടങ്ങാത്ത സംവിധാനം ഉറപ്പാക്കാനായി. മരച്ചില്ലകൾ വീണോ മറ്റോ ഒരു ലൈനിൽ തടസമുണ്ടായാലും മറ്റ് ലൈനുകളുപയോഗിച്ച് വൈദ്യുതി വിതരണം ഉടൻ പുനസ്ഥാപിക്കാനാകും.

നേരത്തെ രണ്ട് 11 കെ.വി. ഫീഡറുകളാണ് സന്നിധാനത്തെ വൈദ്യുതി വിതരണത്തിന് ഉപയോഗിച്ചിരുന്നത്. പമ്പയിൽ നിന്ന് സന്നിധാനത്തേക്കുള്ള എല്ലാ ലൈനുകളും പ്രത്യേക ഇൻസുലേഷനും ബലവുമുള്ള എ.ബി. കേബിളുകൾ(ഏരിയൽ ബഞ്ച്ഡ് കേബിൾ) ഉപയോഗിച്ച് പുനസ്ഥാപിക്കുകയും ചെയ്തു. ഈ കേബിളുകളിൽ സ്പർശിച്ചാൽ വന്യജീവികൾക്ക് അപകടമുണ്ടാകില്ല. കുരങ്ങുകളും മറ്റും ഈ ലൈനുകളിലൂടെ അപകടമില്ലാതെ നടക്കാറുണ്ട്. വൈദ്യുത ലൈനുകളുടെയും വന്യജീവികളുടെയും സുരക്ഷ ഉറപ്പാക്കാൻ ഇനി മരച്ചില്ലകൾ അധികം വെട്ടേണ്ടിയും വരില്ല. വൈദ്യുതി ബോർഡ് നൽകിയ നിർദേശം പരിഗണിച്ച് മാസ്റ്റർപ്ലാനിന്റെ ഭാഗമായാണ് ഇൻസുലേഷനുള്ള കേബിൾ സ്ഥാപിച്ചത്.

ഒക്ടോബർ 15നകം തന്നെ വൈദ്യുതി വിതരണത്തിനുള്ള അടിസ്ഥാന നവീകരണ പ്രക്രിയകളെല്ലാം പൂർത്തിയായിരുന്നുവെന്ന് കെ.എസ്.ഇ.ബി സ്പെഷ്യൽ ഓഫീസർ ആർ. ബിജുരാജ് പറഞ്ഞു. സന്നിധാനത്തേക്കുള്ള പാതകളിൽ മരത്തിൽ സ്ഥാപിച്ചിരുന്ന ലൈറ്റുകളെല്ലാം പൂർണമായും പോസ്റ്റുകളിലേക്ക് മാറ്റി സ്ഥാപിച്ചു. വൈദ്യുത ഉപഭോഗത്തിന്റെ വിവരം അറിയുന്നതിന് 20 പോസ്റ്റുകൾക്ക് ഒന്ന് എന്ന കണക്കിൽ മീറ്ററുകളും സ്ഥാപിച്ചു. വഴിവിളക്കുകൾക്കായി മാത്രം 45 കണക്ഷനുകൾ നൽകി. വഴിയോരത്തെ ട്രാൻസ്ഫോർമറുകളെല്ലാം സുരക്ഷ വേലിക്കകത്താക്കി. ഇതിൽ ആറ് ഭാഷകളിൽ അപായ മുന്നറിയിപ്പ് രേഖപ്പെടുത്തി. ശരംകുത്തിയിൽ ഈ വർഷം സ്ഥാപിച്ച 100 കെ.വി.എ. ട്രാൻസ്ഫോർമർ ഉപയോഗിച്ച് സന്നിധാനത്തെ കുടിവെള്ള പ്ലാന്റുകൾക്കാവശ്യമായ അധിക വൈദ്യുതി വിതരണം കാര്യക്ഷമമാക്കാനാകും. ഹിൽടോപ്പിലെ 66 കെ.വി. സബ്സ്റ്റേഷനിൽ നിന്നാണ് സന്നിധാനത്തും പമ്പയിലും പരിസരത്തുമുള്ള വൈദ്യുതി വിതരണം നടത്തുന്നത്.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

നവംബർ
NOVEMBER 25 2016

## ശബരിമല പത്രക്കുറിപ്പ്-2



ഫോൺ : 04735–202664

www.prd.kerala.gov.in, prdsannidanam@gmail.com


### സന്നിധാനത്ത് ശുദ്ധജല ലഭ്യത ഉറപ്പാക്കി വാട്ടർ അതോറിറ്റി

ശബരിമല: ശബരിമലയിലെയും സന്നിധാനത്തെയും ശുദ്ധജല ആവശ്യങ്ങൾ നിറവേറ്റാൻ വാട്ടർ അതോറിറ്റി എല്ലാ സജ്ജീകരണങ്ങളും ചെയ്തിട്ടുണ്ടെന്ന് എക്സിക്യൂട്ടീവ് എൻജിനീയർ രാജേഷ് ഉണ്ണിത്താൻ അറിയിച്ചു. മിനറൽ വാട്ടറിന്റെ ഗുണനിലവാരത്തിൽ ശുദ്ധജലം ലഭ്യമാക്കാൻ പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവടങ്ങളിലായി 13 ആർ.ഒ പ്ലാന്റുകളാണ് പ്രവർത്തിക്കുന്നത്. മരക്കൂട്ടത്തെയും ശരംകുത്തിയിലെയും സന്നിധാനത്തെയും പ്ലാന്റിന് പ്രതിദിനം ഒരു ലക്ഷം ലിറ്റർ വീതം വെള്ളം ശുദ്ധീകരിക്കാനുള്ള ശേഷിയാണുള്ളത്.

അപ്പാച്ചിമേട്ടിലെ പ്ലാന്റിൽ 20,000 ലിറ്റർ വെള്ളം ശുദ്ധീകരിക്കാം. ഇപ്പോൾ ശേഷിയുടെ മുന്നിലൊന്ന് ഉപയോഗത്തിനായി ആവശ്യമായി വരുന്നുള്ളൂ. തിരക്ക് കൂടുമ്പോഴാണ് വെള്ളത്തിന് ആവശ്യം ഏറുന്നത് എന്നതിനാൽ വേണ്ടത്ര മുൻകരുതൽ വകുപ്പ് എടുത്തിട്ടുണ്ട്. നീലിമല തൊട്ട് സന്നിധാനം നടപ്പന്തൽ വരെയുള്ളയിടത്ത് 46 കിയോസ്കുകളിലായി 92 ശുദ്ധജലടാപ്പുകളും വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുണ്ട്. പമ്പയിലെ വിവിധ ആർ.ഒ പ്ലാന്റുകളിലായി പ്രതിദിനം 3.2 ലക്ഷം വെള്ളം ശുദ്ധീകരിക്കാനാകും. വിവിധ സ്ഥലങ്ങളിലായ 50 ഓളം കിയോസ്കുകളും സ്ഥാപിച്ചിട്ടുണ്ട്. ശുദ്ധജല ലഭ്യത ഉറപ്പാക്കാനായി 100ഓളം ജീവനക്കാരടങ്ങുന്ന സംഘത്തെയാണ് വാട്ടർ അതോറിറ്റി നിയോഗിച്ചിരിക്കുന്നത്.

### ആരോഗ്യ കാർഡുകൾ രണ്ടിനകം എടുക്കണം:
### അനധികൃത കടകൾ അടച്ചുപൂട്ടി

ശബരിമല: ശബരിമലയിൽ വിവിധ കേന്ദ്രങ്ങളിലെ ജീവനക്കാർ ഡിസംബർ രണ്ടിനകം ആരോഗ്യകാർഡ് ലഭ്യമാക്കി ഡ്യൂട്ടി മജിസ്ട്രേറ്റിന് റിപ്പോർട്ട് നൽകണമെന്ന് മഹോൽസവ കോ–ഓർഡിനേറ്ററും ആലപ്പുഴ സബ് കളക്ടറുമായ എസ്.ചന്ദ്രശേഖർ അറിയിച്ചു. ദേവസ്വംബോർഡ് അന്നദാന മണ്ഡപം, അപ്പം–അരവണ നിർമാണശാല, ഹോട്ടലുകൾ, ലഘുഭക്ഷണശാലകൾസ ചുക്കുവെള്ള വിതരണ കേന്ദ്രങ്ങൾ എന്നിവടങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഇത് ബാധകമാണ്. ഡ്യൂട്ടി മജിസ്ട്രേറ്റ്, ഭക്ഷ്യസുരക്ഷ അസി.കമ്മിഷണർ, ആരോഗ്യവകുപ്പ് അധികൃതർ എന്നിവരുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.

സ്വാമിമാരിൽ നിന്നും അമിത തുക ഈടാക്കുന്നതായി ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് അയ്യപ്പ സേവ സമാജത്തിന് സമീപമുള്ള വിരി ഷെഡിൽ ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ സ്ക്വാഡ് രാത്രി പത്തുമണിയോടെ പരിശോധന നടത്തി അമിതമായി വാങ്ങിയ തുക സ്വാമിമാർക്ക് തിരികെ ലഭ്യമാക്കി. മാളിക

പ്പുറം ബിൽഡിങ്സിൽ പ്രവർത്തിക്കുന്ന അനധികൃത പാത്രക്കട ഡ്യൂട്ടി മജിസ്ട്രേറ്റ് വി. രാജചന്ദ്രന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയെത്തുടർന്ന് അടച്ചുപൂട്ടി. സന്നിധാനം പരിസരത്തുള്ള കരാറിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ന്യൂ ടോയ്ലെറ്റ് ബ്ലോക്ക്, മാളിപ്പുറം സഹ്യാദ്രി പിൽഗ്രിം സെന്ററിനു സമീപത്തെ വിരി എന്നിവയും അടച്ചുപൂട്ടിയിട്ടുണ്ട്. എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് ഹരിഹരൻനായർ, ഡപ്യൂട്ടി തഹസിൽദാർ പി.എ.സജീവ്കുമാർ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ കെ.എസ്. അഭിലാഷ്, വില്ലേജ് ഓഫീസർ പി.ആർ.മോഹനൻ, ഹെൽത്ത് ഇൻസ്പെക്ടർ എം.പി.ഷാജി, ലീഗൽ മെട്രോളജി ഇൻസ്പെക്ടിങ് അസിസ്റ്റന്റ് പ്രകാശ് ബി.നായർ തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ NOVEMBER 25 | 2016 |
|---|---|

## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com


### ഇന്നലെ ചികിൽസ തേടിയത് 2547 പേർ:

ശബരിമല: തീർഥാടകരായ 2547 പേരാണ് ഇന്നലെ പമ്പയിലും പരിസരത്തുമായുള്ള വിവിധ ആശുപത്രികളിലും ഡിസ്പെൻസറികളിലുമായി ചികിൽസ തേടിയത്. ഇതോടെ തീർഥാടനകാലം തുടങ്ങിയശേഷം ചികിൽസ തേടിയവരുടെ എണ്ണം 23279 ആയി. പമ്പയിലെ ഗവ.ഡിസ്പെൻസറിയിൽ 386 പേരാണ് ചികിൽസ തേടിയത്. ഇതിൽ 371 പുരുഷന്മാരും ആറ് വനിതകളും ഒമ്പത് കുട്ടികളും ഉൾപ്പെടുന്നു. ഇതിൽ ഹൃദയസംബന്ധമായ അസുഖങ്ങളാൽ ചികിൽസയ്ക്കെത്തിയത് 95 പേരാണ്. നീലിമല ഡിസ്പെൻസറിയിൽ 58 പുരുഷന്മാരും 25 വനിതകളും 18 കുട്ടികളും ചികിൽസ തേടിയതിൽ 31 പേർ ഹൃദയസംബന്ധമായ അസുഖങ്ങളുള്ളവരാണ്.

സന്നിധാനം ഡിസ്പെൻസറിയിൽ 1016 പേർ ചികിൽസ തേടിയതിൽ 950 പുരുഷന്മാരും 19 വനിതകളും 47 കുട്ടികളും ഉൾപ്പെടുന്നു. ഇതിൽ 204 പേർ ഹൃദയസംബന്ധമായ അസുഖങ്ങൾക്കാണ് ആശുപത്രിയിലെത്തിയത്. അപ്പാച്ചിമേട്ടിൽ 134 പേർ ചികിൽസ തേടിയതിൽ പുരുഷന്മാർ 121 ഉം വനിതകൾ എഴും കുട്ടികൾ ആറും ആണ്. 34 കേസ് ഹൃദയസംബന്ധമായിരുന്നു. നിലയ്ക്കലിൽ ചികിൽസ തേടിയ 187 പേരിൽ 170 പുരുഷന്മാരും ഒമ്പത് വനികളും എട്ടു കുട്ടികളുമുണ്ട്. ഇതിൽ അഞ്ചു പേർ ഹൃദയസംബന്ധമായ അസുഖത്തിനാണ് ചികിൽസ തേടിയത്.

### പമ്പയിൽ ഇരുമുടി നിറയ്ക്കാൻ 24 മണിക്കൂറും സംവിധാനം

ശബരിമല: പമ്പയിൽ ഇരുമുടിക്കെട്ട് നിറയ്ക്കാൻ ദേവസ്വംബോർഡ് 24 മണിക്കൂറും സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇരുമുടിക്കെട്ടില്ലാതെ പതിനെട്ടാംപടി ചവിട്ടാൻ കഴിയില്ല. ഇരുമുടിയില്ലാതെ വരുന്നവർക്ക് പമ്പയിലെ ദേവസ്വം ഓഫീസിൽ 250 രൂപ അടച്ചാൽ പമ്പമേൽശാന്തി കെട്ട് നിറച്ചുതരും. പമ്പ ഗണപതി ക്ഷേത്രത്തിനു പിന്നിലായി ഇതിനായി പ്രത്യേകം സൗകര്യം ഒരുക്കിയിട്ടുണ്ട്.

### ദേവസ്വം ഓഫീസിൽ ഫോൺ

ശബരിമല: ശബരിമല ദേവസ്വം ഇൻഫർമേഷൻ ഓഫീസിൽ പുതിയ ഫോൺ കണക്ഷൻ കിട്ടി. നമ്പർ 04735-202155. നിലവിലുള്ള 202048 എന്ന നമ്പർ തുടർന്നും ഉണ്ടാകും.

### ഭക്തിഗാനസുധ ഇന്ന്

ശബരിമല: സന്നിധാനത്തിലെ ഓഡിറ്റോറിയത്തിൽ ഇന്ന് (നവം.26) രാത്രി ഒമ്പതു മുതൽ അടൂർ ശിവഗംഗ അവതരിപ്പിക്കുന്ന ഭക്തിഗാനസുധ ഉണ്ടാകും.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.